"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ലീഗൽ അസിസ്റ്റന്റുമാരെ നിയമിച്ച് ഉത്തരവാകുന്നു.

---

**നിയമ (ഭരണ II) വകുപ്പ്**

സ.ഉ.(സാധാ) നം.906/2025/LAW തിരുവനന്തപുരം, തീയതി. 05-08-2025

---

പരാമർശം:-

1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയുടെ 14.07.2025 തീയതിയിലെ 1044/എ3/2025/എച്ച്.ആർ.സി. നമ്പർ കത്ത്.
2. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയുടെ 11.07.2025 തീയതിയിലെ 1042/എ3/2025/എച്ച്.ആർ.സി. നമ്പർ കത്ത്.
3. സ.ഉ. (സാധാ) നം. 850/2025/നിയമം തീയതി. 25.07.2025.
4. സ.ഉ. (അ) നം. 515/2013/ധന., തീയതി. 11.10.2013.
5. സ.ഉ. (അ) നം. 580/2013/ധന., തീയതി. 28.11.2013.

**ഉത്തരവ്**

നിയമ വകുപ്പിലെ അസിസ്റ്റന്റ് ലീഗൽ ഓഫീസർ ശ്രീമതി ഹേമവതി ബി. (പെൻ-198127), ശ്രീ. അനിൽ എൻ. (പെൻ-250537) എന്നിവരുടെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവന കാലാവധി യഥാക്രമം 06.08.2025, 08.08.2025 എന്നീ തീയതികളിൽ അവസാനിക്കുകയാണെന്നും ആയതിനാൽ ടിയാളുകളെ നിയമ വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കണമെന്നും അറിയിച്ചുകൊണ്ട് ടി കമ്മീഷനിൽ നിന്നും യഥാക്രമം പരാമർശം (1), (2) എന്നിവ പ്രകാരം കത്തുകൾ ലഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ അസിസ്റ്റന്റായിരുന്ന നിയമ വകുപ്പിലെ അസിസ്റ്റന്റ് ലീഗൽ ഓഫീസർ ശ്രീമതി സിമി ഒ. ബി. (പെൻ-182149) യെ പരാമർശം (3) ഉത്തരവ് പ്രകാരം സെക്ഷൻ ഓഫീസറായി സ്ഥാനക്കയറ്റം നൽകി കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷനിൽ നിയമിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മേൽ കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, നിയമ വകുപ്പിലെ അസിസ്റ്റന്റ് ലീഗൽ ഓഫീസർമാരായ ശ്രീമതി ഹേമവതി ബി., ശ്രീ. അനിൽ എൻ. എന്നിവരുടെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവന കാലാവധി പൂർത്തിയാകുന്നതിനെ തുടർന്നുണ്ടാകുന്ന 2 ഒഴിവുകളും കൂടാതെ ശ്രീമതി സിമി ഒ. ബി. യുടെ സ്ഥാനക്കയറ്റത്തെ തുടർന്നുണ്ടായ ഒരു ഒഴിവും ചേർത്ത് ടി കമ്മീഷനിലുണ്ടാകുന്ന ആകെ 3 (മൂന്ന്) ഒഴിവുകളിലേക്ക് നിയമ വകുപ്പിലെ അസിസ്റ്റന്റ് ലീഗൽ ഓഫീസർമാരായ ശ്രീ. വൈശാഖ ചന്ദ്രൻ ബി.യു. (പെൻ : 728334), ശ്രീമതി ഷീജ കുമാരി എസ്.

(പെൻ : 385985), ഡോ. ഹരീഷ് കുമാർ പി. (പെൻ :390894) എന്നിവരെ പരാമർശം (4),(5) സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം-I ചട്ടം 140(സി) യിലെ വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോടുകൂടി, പൊതുവായ നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായി ഒരു വർഷത്തേക്ക് അന്യത്ര സേവനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

അസിസ്റ്റന്റ് ലീഗൽ ഓഫീസർ ശ്രീ. വൈശാഖ ചന്ദ്രൻ ബി.യു. നെ 06.08.2025 അപരാഹ്നം പ്രാബല്യത്തിലും ശ്രീമതി ഷീജ കുമാരി എസ്. (പെൻ : 385985), ഡോ. ഹരീഷ് കുമാർ പി. (പെൻ : 390894) എന്നിവരെ 08.08.2025 അപരാഹ്നം പ്രാബല്യത്തിലും നിയമ വകുപ്പിലെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ ഡി കെ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-
(1) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(2) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
(3) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
(4) സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
(5) ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
(6) ബഹു: നിയമ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
(7) ബഹു: നിയമ സെക്രട്ടറിയുടെ പി. എ.
(8) നിയമ (ഭരണ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.
(9) ഡെപ്യൂട്ടി സെക്രട്ടറി, നിയമ (ഭരണ) വകുപ്പ്
(10) നിയമ (അക്കൗണ്ട്സ്) വകുപ്പ്
(11) നിയമ (നോഡൽ) വകുപ്പ്
(12) നിയമ (എച്ച്) വകുപ്പ്
(13) അറ്റന്റൻസ് മോണിറ്ററിങ് സെൽ വകുപ്പ്
(14) ഇ-ഓഫീസ് നോട്ടീസ് ബോർഡ്
(15) ഇ-ഓഫീസ് ഹെല്പ് ഡെസ്ക്
(16) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
(17) സ്റ്റോക്ക്/അധികം

ഉത്തരവിൻ പ്രകാരം

**Signed by Manoj K**
**Date: 05-08-2025 11:39:12**

സെക്ഷൻ ഓഫീസർ